**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2403** **30-09-2025 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക കാരണങ്ങളാൽ കെട്ടിട നികുതി ഒടുക്കാൻ കഴിയാത്തത് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി വീടും കെട്ടിടനമ്പരും ഉണ്ടെങ്കിലും തദ്ദേശ സ്ഥാപനങ്ങളിൽ സാങ്കേതിക കാരണങ്ങളാൽ കെട്ടിട വിവരങ്ങൾ നഷ്ടമായതിനാൽ ജനങ്ങൾക്ക് നികുതി ഒടുക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഈ സാഹചര്യം അടിയന്തരമായി പരിഹരിച്ച് ജനങ്ങൾക്ക് നികുതി അടച്ച് വിവിധ സേവനങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ നിലവിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതും ഘടനപരമായ മാറ്റം വരുത്താത്തുമായ കെട്ടിടങ്ങളെയും കെ സ്മാർട്ടിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ പ്രസ്തുത കെട്ടിടങ്ങളെ കെ സ്മാർട്ടിൽ ഉൾപ്പെടുത്തുവാൻ കഴിയുന്നതാണ്. തദ്ദേശ സ്ഥാപന സെക്രട്ടറിമാർ ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന പ്രിൻസിപ്പൽ ഡയറക്ടർക്ക് ഉൾപ്പെടുത്തേണ്ട കെട്ടിടങ്ങളുടെ വിവരം കൈമാറുന്ന പക്ഷം ഇൻഫർമേഷൻ കേരളാ മിഷന് കെട്ടിടങ്ങൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുന്നതാണ് |

സെക്ഷൻ ഓഫീസർ